## പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2661** **14/02/2013 ൽ മറുപടിക്ക്**

### കാലാവധി കഴിഞ്ഞ മരുന്നുകൾ

**ചോദ്യം**
ശ്രീ. കെ. രാധാകൃഷ്ണൻ

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കാലാവധി കഴിഞ്ഞതെന്നപേരിൽ മരുന്നുകൾ വ്യാപകമായി നശിപ്പിച്ച വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യാതിരിക്കുകയും കാലാവധി കഴിയുന്നതുവരെ വൻതോതിൽ മരുന്നുകൾ കെട്ടിക്കിടക്കുകയും ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | 2007-ൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകൃതമായപ്പോൾ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 15 ജില്ലാ മെഡിക്കൽ സ്റ്റോറുകൾ മരുന്ന് സംഭരണത്തിനായി കോർപ്പറേഷന് കൈമാറുകയുണ്ടായി. പ്രസ്തുത സ്റ്റോറുകളിൽ, മുൻ കാലത്തെ സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിയ ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളും ഉണ്ടായിരുന്നു. ഈ മരുന്നുകൾ നശിപ്പിക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള 'ഇമേജ്' എന്ന ഏജൻസിയെ ഏല്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എത്ര തുകയ്ക്കുള്ള മരുന്നുകളാണ് ഇപ്രകാരം നശിപ്പിച്ചതെന്ന് സ്റ്റോക്ക് രജിസ്റ്ററിലെ കണക്കുകൾ പ്രകാരമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2007-ന് മുമ്പായി വാങ്ങിയിരുന്ന 2 കോടി 15 ലക്ഷം (ബുക്ക് വാല്യൂ അനുസരിച്ച്) രൂപയുടെ മരുന്നുകളാണ് ഇപ്രകാരം നശിപ്പിക്കാനായി 'ഇമേജിനെ' ഏല്പിച്ചിട്ടുള്ളത്. |
| (ഡി) | കാലാവധി കഴിയുന്നതിനുമുമ്പ് മരുന്നുകൾ ആശുപത്രികളിൽ വിതരണം ചെയ്യാതെ നശിപ്പിക്കേണ്ടിവന്നതുകാരണമുള്ള നഷ്ടം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | രോഗികളുടെ എണ്ണവും ഏതൊക്കെ രോഗങ്ങൾക്ക് ചികിത്സ നടത്തേണ്ടി വന്നേക്കാം എന്ന ഏകദേശ പ്രതീക്ഷിത കണക്കിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വർഷവും മരുന്നുകളുടെ ഇൻഡന്റ് നൽകി വരുന്നത്. ഇപ്രകാരം വാങ്ങുന്ന മരുന്നുകൾ വിവിധങ്ങളായ കാരണങ്ങളാൽ എല്ലായ്പ്പോഴും ഉപയോഗിക്കാൻ കഴിഞ്ഞു എന്നു വരില്ല. കാലാകാലങ്ങളായി ഇപ്രകാരം ഉപയോഗിക്കാൻ കഴിയാതെ പോയ മരുന്നുകളാണ് ഉപയോഗശൂന്യമായി തീർന്നിട്ടുള്ളത്. ഏതെങ്കിലും വ്യക്തികളിൽ ഇതിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ചുമത്തുന്നത് യുക്തിഭദ്രമല്ല. ആയതിനാൽ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലെ ഇത്തരം മിസ്-മാനേജ്മെന്റിനെക്കുറിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ? | (ഇ) | 2007-ൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്ഥാപിതമായതിനുശേഷം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 15 ജില്ലാ മെഡിക്കൽ സ്റ്റോറുകൾ |

| | | | |
|---|---|---|---|
| | | | കൈമാറിയ സമയത്ത് സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിയതും ഉപയോഗ ശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ കോർപ്പറേഷന്റെ പക്കൽ എത്തിച്ചേരുകയാണുണ്ടായത്. പ്രസ്തുത മരുന്നുകൾ നശിപ്പിക്കുന്നതിനാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള 'ഇമേജ്' എന്ന ഏജൻസിയെ ഏല്പിച്ചിട്ടുള്ളത്. മരുന്ന് വിതരണം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഏറ്റെടുത്ത ശേഷം ഇത്തരം സംഭവങ്ങൾ ഉണ്ടാകാറില്ല. |

സെക്ഷൻ ഓഫീസർ